"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), സഖി റിസോഴ്സ് സെന്റർ എന്നീ ഏജൻസികളുടെ നിലവിലുള്ള അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3104/2025/LSGD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. സ.ഉ(എംഎസ്) നം.33/20213/തസ്വഭവ തീയതി 30/03/2013
2. സ.ഉ(സാധാ) നം.1159/2013/തസ്വഭവ തീയതി 26/04/2013.
3. സ.ഉ(സാധാ) നം.1983/2022/തസ്വഭവ തീയതി 16/08/2022.
4. സ.ഉ(സാധാ) നം.583/2023/തസ്വഭവ തീയതി 09/03/2023.
5. സ.ഉ(സാധാ) നം.2634/2025/തസ്വഭവ തീയതി 02/11/2025.
6. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) രജിസ്ട്രാരുടെ 12/08/2025-ലെ IRTC/100/LSGD/240/2025 നമ്പർ അപേക്ഷ.
7. സഖി വുമൺസ് റിസോഴ്സ് സെന്റർ സെക്രട്ടറിയുടെ 27/06/2025-ലെ അപേക്ഷ.
8. കില ഡയറക്ടർ ജനറലിന്റെ 18/10/2025-ലെ 2021/291/HQ നമ്പർ കത്ത്
9. കില ഡയറക്ടർ ജനറലിന്റെ 15/10/2025-ലെ 2022/821/HQ നമ്പർ കത്ത്
10. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 07/11/2025-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം (1) മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അക്രഡിറ്റേഷനു വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

2) പഞ്ചായത്ത് വിഭവഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപടനിർമ്മാണം, നീർത്തടവികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണം - വിസർജ്യമാലിന്യ സംസ്കരണം (Faecal Sludge Management) എന്നീ മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണം, മലിനജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റുകൾ സ്ഥാപിക്കലും പരിപാലിക്കലും എന്നീ മേഖലകളിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി (IRTC) എന്ന സ്ഥാപനത്തിന് പരാമർശം (3) ഉത്തരവ് പ്രകാരം അക്രഡിറ്റേഷൻ പുതുക്കി

നല്കിയിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചതിനെത്തുടർന്ന്, 31/12/2025-വരെയോ പുതിയ അക്രഡിറ്റേഷൻ അപേക്ഷയിൽ തീരുമാനമാകുന്നതുവരെയോ ഏതാണ് ആദ്യം എന്ന ക്രമത്തിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി (IRTC)യുടെ അക്രഡിറ്റേഷൻ കാലാവധി പരാമർശം (5) പ്രകാരം താല്കാലികമായി ദീർഘിപ്പിച്ച് നല്കുകയുണ്ടായി.

3) നിലവിലുള്ള അക്രഡിറ്റേഷൻ പുതുക്കി നല്കണമെന്നഭ്യർത്ഥിച്ച് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) രജിസ്ട്രാർ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ചേർന്ന് ലിംഗപദവി തുല്യത ഉറപ്പാക്കുന്ന മേഖലയിലെ പ്രവർത്തനങ്ങളും, പിന്തുണ പരിശീലനങ്ങളും നല്കുന്നതിന് പരാമർശം (4) പ്രകാരം അനുവദിച്ച അക്രഡിറ്റേഷൻ പുതുക്കി നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സഖി വുമൺസ് റിസോഴ്സ് സെന്റർ സെക്രട്ടറി പരാമർശം (7) പ്രകാരവും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4) പരാമർശം (8), (9) പ്രകാരം കില ഡയറക്ടർ ജനറൽ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ഏജൻസികളുടെ അപേക്ഷകൾ അക്രഡിറ്റേഷൻ കമ്മിറ്റി വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന ഏജൻസിക്ക് ഉത്തരവ് തീയതി മുതൽ 3 വർഷത്തേക്കും, സഖി വുമൺസ് റിസോഴ്സ് സെന്റർ എന്ന ഏജൻസിക്ക് നിലവിലെ അക്രഡിറ്റേഷൻ അവസാനിച്ച 12/12/2025 തീയതി മുതൽ 3 വർഷത്തേക്കും പരാമർശം (1) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർത്തിട്ടുള്ള മേഖലകളിൽ അക്രഡിറ്റേഷൻ ദീർഘിപ്പിച്ചു നല്കി ഉത്തരവാകുന്നു. ഏജൻസികൾ ശേഷിക്കധികരിച്ച് പ്രവർത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.

| | |
|---|---|
| ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), മുണ്ടൂർ, പാലക്കാട് | • പഞ്ചായത്ത് വിഭവഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപടനിർമ്മാണം, നീർത്തടവികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണം - വിസർജ്യമാലിന്യ സംസ്കരണം (Faecal Sludge Management) എന്നീ മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണം, മലിനജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റുകൾ സ്ഥാപിക്കലും പരിപാലിക്കലും എന്നീ മേഖലകൾ. |
| സഖി വുമൺസ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം. | • തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് ചേർന്ന് ലിംഗപദവി തുല്യത ഉറപ്പാക്കുന്ന മേഖലയിലെ പ്രവർത്തനങ്ങളും, പിന്തുണ പരിശീലനങ്ങളും നല്കുന്നതിന്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, (IRTC), മുണ്ടൂർ, പാലക്കാട്, 678592.
സെക്രട്ടറി, സഖി വുമൺസ് റിസോഴ്സ് സെന്റർ, ടി.സി27/1872, കോൺവെന്റ് റോഡ് വഞ്ചിയൂർ തിരുവനന്തപുരം 695035.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (3238466)

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-01-2026 10:20:25

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ - യ്ക്ക്.